## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2152** **17.02.2016 - ൽ മറുപടിക്ക്.**

### പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ. | ശ്രീ. സി. എൻ. ബാലകൃഷ്ണൻ, (സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല പട്ടണക്കാട് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സിൽക്ക് റീലിംഗ് യൂണിറ്റിലെ തൊഴിൽ നഷ്ടപ്പെട്ടത് മൂലം പട്ടിണിയിലായ ഇരുപത്തിയഞ്ചോളം സ്ത്രീ തൊഴിലാളികളും അവരുടെ കുടുംബങ്ങളും സ്ഥാപനത്തിന് മുന്നിൽ സമരം ചെയ്യുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) : ഉണ്ട്. സെറിഫെഡ് എന്ന സ്ഥാപനത്തിന് കീഴിൽ പ്രവർത്തിച്ചിരുന്ന കാസർഗോഡ് ജില്ലയിലെ ഉദുമയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടും പ്രവർത്തിച്ചിരുന്ന സിൽക്ക് റീലിംഗ് കേന്ദ്രങ്ങൾ സെറിഫെഡ് ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ച സാഹചര്യത്തിൽ 15/03/2010-ൽ ഖാദി ബോർഡിന് കൈമാറിയിരുന്നു. എന്നാൽ സെറിഫെഡ് പുനരുദ്ധരിച്ച സാഹചര്യത്തിൽ ആയത് സെറിഫെഡിലേക്ക് തന്നെ മാറ്റുന്നതിന് ഉത്തരവായിരുന്നു. ഈ വിഷയത്തിൽ തൊഴിലാളികൾ ജോലി സ്ഥിരത ആവശ്യപ്പെട്ട് നടത്തിയ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ തൊഴിലാളികൾക്ക് ഉണ്ടായിരുന്ന ആശങ്ക ഖാദി ബോർഡ് സെക്രട്ടറി നേരിട്ട് അവരുമായി ചർച്ച ചെയ്ത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചിരുന്നു. |
| (ബി) ഈ സ്ത്രീകളെ മറ്റേതെങ്കിലും തൊഴിൽ മേഖലയിൽ സ്ഥിര പ്പെടുത്തുന്നതിനോ പ്രസ്തുത സ്ഥാപനം വ്യവസായ വകുപ്പുമായി ചേർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ ; | (ബി) & (സി) : പ്രസ്തുത സ്ഥാപനം സെറിഫെഡിന്റെ യൂണിറ്റായി പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന സിൽക്ക് റീലിംഗ് യൂണിറ്റ് പൂട്ടാനുള്ള തീരുമാനം ആരുടേതാണെന്നും പ്രസ്തുത സ്ഥാപനം ഇവിടെനിന്നും മാറ്റിയതിലെ ഉദ്ദേശ്യം എന്താണെന്നും വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ.

ജക/12/02